കേരള സർക്കാർ

# വാരപ്പെട്ടി ഗ്രാമപഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി7)1855/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 28.11.2017

.
പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാരപ്പെട്ടി ഗ്രാമപഞ്ചായത്ത്
.
സർ,

വിഷയം : വാരപ്പെട്ടിഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.ഇകെഎം(പി7)1855/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030

ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in
തീയതി : 28.11.2017

## എറണാകുളം ജില്ലയിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 3.1.2017 മുതൽ 31.8.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. ഇതിൽ 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എസ്. വിജയകുമാർ (ഡെപ്യൂട്ടി ഡയറക്ടർ) |

.

| | |
|---|---|
| ഓഡിറ്റ് നടത്തിയ തിയതി : | 15.09.2017 മുതൽ 25.09.2017 വരെ |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ.അനിൽ മാത്യൂ ഐപ്പ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |

| | |
|---|---|
| ശ്രീ.വിജു എം.എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. ജോഷി തോമസ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി നിർമ്മല മോഹനൻ | 1.4.2016-31.3.2017 |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| സെക്രട്ടറി | ശ്രീ.ടി.കെ.രാധാകൃഷ്ണൻ | 1.4.2016 | 30.4.2016 |
| | ശ്രീ.സുനിൽ കെ.എൻ (ഹെഡ് ക്ലർക്ക്-ചാർജ്) | 1.5.2016 | 9.9.2016 |
| | ശ്രീ.സുനിത എസ്.(ഹെഡ് ക്ലർക്ക്-ചാർജ്) | 10.9.2016 | 26.9.2016FN |
| | ശ്രീ.ബി. സുധീർ | 26.9.2016AN | 31.3.2017 |
| കൃഷി ഓഫീസർ | ശ്രീമതി.ആശ എസ് | 1.4.2016 | 31.3.2017 |
| മെഡിക്കൽ ഓഫീസർ (പി..എച്ച്.സി) | ഡോ. അനിത വി. ഷേണായി | 1.4.2016 | 31.3.2017 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. രേഷ്മ ചന്ദ്രൻ | 1.4.2016 | 31.3.2017 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. റോയ്എം.ജോർജ് | 1.4.2016 | 2.8.2016 |
| | ഡോ. മധുസൂദനൻ നമ്പ്യാർ | 3.8.2016 | 28.2.2017 |
| | ഡോ. എം.ആർ. ശിവദാസ് | 1.3.2017 | 31.3.2017 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ഷീല പി.വി. | 1.4.2016 | 31.3.2017 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ , വാരപ്പെട്ടി | ശ്രീ.അനീഷ് കുമാർ പി.വി. | 1.4.2016 | 31.3.2017 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ , കോഴിപ്പിള്ളി | ശ്രീ. അനീഷ് കുമാർ പി.വി. | 1.4.2016 | 25.11.2016 |
| | ശ്രീ.അജയൻ പി.എസ് | 26.11.2016 | 31.3.2017 |

| | | | |
|---|---|---|---|
| ഹെഡ് മാസ്റ്റർ, ഗവ.എൽപി.എസ്. ഇളങ്ങവം | ശ്രീ.അലിയാർ പി. | 1.4.2016 | 31.3.2017 |
| വെറ്റിനറി സർജൻ | ഡോ. റസീന കരിം | 1.4.2016 | 31.3.2017 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. ഹരി ആർ. | 1.4.2016 | 31.3.2017 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.റമീസ് പി. മുഹമ്മദ് | 1.4.2016 | 31.3.2017 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ | 1-12 |
| | ഭാഗം 2 | |
| 13 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചതു മൂലം നഷ്ടം | 2-1 |
| 14 | മൊബൈൽ ടവർ വസ്തു നികുതി അപാകതകൾ | 2-2 |
| 15 | എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 2-3 |
| 16 | ഡി & ഒ ലൈസൻസ് എടുക്കുന്ന / തൊഴിൽ നികുതി ഒടുക്കുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിൽ അന്തരം | 2-4 |
| 17 | ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകം | 2-5 |

| | | |
|---|---|---|
| 18 | വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ | 2-6 |
| | ഭാഗം- 3 | |
| 19 | സെന്റേജ് ചാർജ് അധികമായി നല്കി-നഷ്ടം 758/-രൂപ | 3-1 |
| 20 | വാട്ടർ അതോറിറ്റിക്ക് വൻ തുക കുടിശ്ശിക | 3-2 |
| 21 | ഭൂരഹിതർക്ക് ഭൂമി വാങ്ങൽ (എസ്.സി.) - മാർഗരേഖ പാലിച്ചില്ല | 3-3 |
| 22 | മരുന്നുകൾ പൂർണമായി ലഭ്യമായില്ല | 3-4 |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 23 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 26 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 32 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2016-17 | അനുബന്ധം.1 |
| 33 | ബാലൻസ് ഷീറ്റ് 2016-17 | അനുബന്ധം.2 |
| 34 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2016-17 | അനുബന്ധം.3 |
| 35 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 | അനുബന്ധം.4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 3.3.2016 ലെ പഞ്ചായത്ത് 1-ാം നമ്പർ തിരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവു ചെലവു കളുടേയും യഥാർത്ഥ വരവു ചെലവുകളുടേയും

വിവരം താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 68222062 | 67243450 |
| വാർഷിക കണക്കുകൾ പ്രകാരം | 36927672 | 34570939 |

ഇ.എഫ്.എം.എസ് മുഖേന MGNREGS, Bഫണ്ട് എന്നീ ഇനങ്ങളിൽ നടന്നിട്ടുള്ള യഥാക്രമം 0.95 കോടി രൂപയുടെയും 1.91 കോടി രൂപയുടെയും വരവുചെലവുകൾ വരവു ചെലവു പത്രിക പ്രകാരമുള്ള വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല. ഇവ ഉൾപ്പെടുമ്പോൾ ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള വരവ് ചെലവുകളിൽ ഗണ്യമായ വ്യത്യാസം ഇല്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.2017 | 21.07.2017 |

.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വാർഷിക ധനകാര്യ പത്രികയിൽ ന്യൂനതകൾ ഉള്ളതായി കണ്ടു. വിശദാംശം ഖണ്ഡിക 2-6 ആയി ചേർത്തിട്ടുണ്ട്. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3204143 |
| വരവ് | 36927672 |
| ആകെ | 40131815 |
| ചെലവ് | 34570939 |
| നീക്കിയിരിപ്പ് | 5560876 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ബജറ്റ് അലോട്ട്മെന്റ് | ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 7560162 | 6154101 | 81.4 |

| | | | |
|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 1442568 | 1442416 | 99.98 |
| വികസന ഫണ്ട് (ടി.എസ്.പി) | 2241 | -- | -- |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 6477183 | 5286822 | 81.62 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 2554755 | 1587386 | 62.13 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 4239288 | 4058181 | 95.72 |
| ലോക ബാങ്ക് സഹായം | 2238632 | 1840471 | 82.21 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കി യത്. എണ്ണം | പദ്ധതി ചെലവ് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|
| 147 | 34876339 | 115 | 24687584 | 70.78 |

| നിർവഹണ ഉദ്യോഗസ്ഥർ | പ്രൊജക്ടുകളുടെ ശതമാനം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 26 | 19 | 3124683 | 2054961 | 65.76 |
| അസി. എഞ്ചിനീയർ | 65 | 48 | 17957290 | 11516018 | 64.13 |
| കൃഷി ഓഫീസർ | 8 | 6 | 1604360 | 661470 | 41.22 |
| മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 3 | 3 | 628250 | 548000 | 87.22 |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | 1 | 1 | 250000 | 250000 | 100 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 1 | 1 | 50000 | 50000 | 100 |
| ഐസിഡിഎസ് | 7 | 7 | 2779240 | 2763010 | 99.41 |
| വി.ഇ.ഒ | 28 | 23 | 6411166 | 4854125 | 75.71 |
| എച്ച്.എം.ജി.എൽ.പി.എസ്. | 2 | 2 | 125000 | 125000 | 100 |
| വെറ്റിനറി സർജൻ | 5 | 4 | 1556350 | 1475000 | 94.77 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 390000 | 390000 | 100 |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 70.3 % ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2868290 | 5283057 | 2414767 | +84.18 |
| നികുതിയേതര വരവുകൾ | 667035 | 689487 | 22452 | 3.37 |
| മറ്റുവരവുകൾ | 2032 | 51505 | 49473 | +2434.69 |
| ആകെ | 3537357 | 6024049 | 2486692 | 70.3 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 163440 | 94 |
| കർഷകതൊഴിലാളി പെൻഷൻ | 2980330 | 348 |
| വിധവാപെൻഷൻ | 5906720 | 595 |
| വാർദ്ധക്യകാല പെൻഷൻ | 8288310 | 810 |
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 1665775 | 200 |
| അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 229590 | 23 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 360000 | 12 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.9.2017 തീയതിയിൽ 4.50പി. എം. ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 64999/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഓരോ വർഷത്തിലും ആർജിക്കുന്ന ആസ്തിയുടെ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററും, ഡ്യൂട്ടി രജിസ്റ്ററും കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. അക്കൌണ്ടുകളുടെ റീകൺസിലിയേഷൻ

പൂർണമായി നടത്തിയിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ചതീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11/9/17-13/9/17 | 8/2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8/2/16-22/2/16 | 2010-11 മുതൽ 2014-15 | 31/3/2016 |

## 1-12 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ

| തൊഴിൽ ആവശ്യ പ്പെട്ടവരുടെ എണ്ണം | തൊഴിൽ ലഭിച്ചവരുടെ എണ്ണം | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | | | | 100 ദിവസം തൊഴിൽ ലഭിച്ചവർ |
|---|---|---|---|---|---|---|
| | | പട്ടിക ജാതി | പട്ടിക വർഗ്ഗം | മറ്റുള്ള വർ | ആകെ | |
| 665 | 561 | 3224 | 0 | 23165 | 26389 | 79 |

| | |
|---|---|
| സാങ്കേതികാനുമതി ലഭിച്ച ആകെ പ്രവൃത്തികൾ | 142 |
| പൂർത്തീകരിച്ച പ്രവൃത്തികൾ | 122 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചതു മൂലം നഷ്ടം

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവ ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം മാത്രം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി

നിർണയം നടത്തേണ്ടതാണ്.

തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത. സ്വ. ഭ. വ. നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 50 /-രൂപയായി പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഏതാനും കെട്ടിടങ്ങളെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുകയും അവയ്ക്ക് ഉയർന്ന നികുതി നിരക്കിന് പകരം 100/-ചതുരശ്ര മീറ്ററിന് താഴെയുള്ള കെട്ടിടത്തിന് ബാധകമാകേണ്ട 40/-രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കിയതായും കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നമ്പരും കെട്ടിട നമ്പരും | കെട്ടിടത്തിന്റെ വിസ്തൃതി (ച.മീ.) | നിർണ്ണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ്, ലൈബ്രറി സെസ് ഉൾപ്പടെ (ച.മീ.ന് 40രൂ. നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ്, ലൈബ്രറി സെസ് ഉൾപ്പടെ (ച.മീ.ന് 50 രൂ. നിരക്കിൽ) | കുറവ് |
|---|---|---|---|---|---|
| 1 | 3/136 B | 69.9 | 2643 | 3303 | 660 |
| | 3/136 C | 23.3 | 881 | 1101 | 220 |
| | 3/136 D | 23.3 | 881 | 1101 | 220 |
| 2 | 5/446B | 18.26 | 921 | 1149 | 228 |
| | 5/446C | 27.86 | 1405 | 1756 | 351 |
| | 5/446D | 47.73 | 2407 | 3006 | 599 |
| | 5/446E | 27.86 | 1405 | 1756 | 351 |
| | 5/446F | 22.63 | 1142 | 1425 | 283 |
| | 5/446G | 32.23 | 1626 | 2029 | 403 |
| | 5/446H | 52.09 | 2627 | 3281 | 654 |
| | 5/446 I | 32.23 | 1626 | 2029 | 403 |
| 3 | 5/69 A | 77.04 | 3883 | 4853 | 970 |
| | 5/69 B | 122.95 | നിർണയിച്ചത് ശരിയാണ് | | |
| | 5/69 C | 113.95 | നിർണയിച്ചത് ശരിയാണ് | | |
| 4 | 6/276A | 35 | 1764 | 2205 | 441 |
| | 6/276B | 35 | 1764 | 2205 | 441 |
| | 6/276C | 23.2 | 1170 | 1462 | 292 |
| | 6/276D | 30.07 | 1517 | 1894 | 377 |
| | 6/276 E | 30.07 | 1517 | 1894 | 377 |
| | 6/276 F | 30.07 | 1517 | 1894 | 377 |

| | | | | | |
|---|---|---|---|---|---|
| | 6/276G | 30.07 | 1517 | 1894 | 377 |
| 5 | 6/89 A | 30 | 1512 | 1890 | 378 |
| | 6/89 B | 16 | 807 | 1008 | 201 |
| | 6/89 C | 30 | 1512 | 1890 | 378 |
| | 6/89 D | 12 | 605 | 756 | 151 |
| | 6/89 E | 15 | 756 | 945 | 189 |

ഇതു സംബന്ധിച്ച എൻക്വയറിക്ക് 2014 മുതൽ 2016 വരെ കാലയളവിൽ ഇപ്രകാരം തെറ്റു വന്നിട്ടുണ്ടെന്നും 2016-17 കാലയളവു മുതൽ തെറ്റു മനസിലാക്കി വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 50 രൂപ നിരക്കിൽ നികുതി നിർണയിക്കുന്നുണ്ടെന്നും മറുപടി നൽകി. മുൻ വർഷങ്ങളിൽ തെറ്റായി നികുതി നിർണയിച്ചത് പുനർനിർണയിച്ച് അധികമായി ഈടാക്കേണ്ട തുക ഈടാക്കുന്നതിനായി നോട്ടീസ് നൽകി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. നിലവിൽ ഇതേ രീതിയിൽ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ള സമാനമായ വാണിജ്യ കെട്ടിടങ്ങളുടെയും കൂട്ടിചേർക്കൽ മൂലം 100 ച.മീ.ന് മേൽ വിസ്തീർണ്ണമായ കെട്ടിടങ്ങളുടെയും വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവർ വസ്തു നികുതി അപാകതകൾ

മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി ചുമത്തുമ്പോൾ പെർമിറ്റ് എടുത്ത മുഴുവൻ ഭാഗത്തിനും സ.ഉ. (അ)19/2011/തസ്വഭവ/തീ.14/01/2011 പ്രകാരം പഞ്ചായത്ത് വിജ്ഞാപനം ചെയ്ത നിരക്കിൽ നികുതി ചുമത്തുന്നില്ല. ബാറ്ററി മുറി, അനുബന്ധമുറി എന്നിവയ്ക്ക് മാത്രമാണ് നികുതി ചുമത്തപ്പെടുന്നത്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം-2(m), സ.ഉ.(സാധാ)നം. 707/14/തസ്വഭവ തീ.7/3/14 എന്നിവ പ്രകാരം കെട്ടിടം എന്നാൽ ഏതെങ്കിലും ഉദ്ദേശത്തിന് ഏതെങ്കിലും വസ്തുക്കൾക്കൊണ്ട് നിർമ്മിച്ച ഏതൊരുപണിപ്പാടും എന്നർത്ഥമാകുന്നു. (the term *building* means “any structure for whatever purpose and of whatever material”). ഇതനുസരിച്ച് മൊബൈൽ ടവറുകളുടെ ഉപയോഗത്തിനായി നീക്കിവെക്കപ്പെട്ടിട്ടുള്ള മുഴുവൻ ഭാഗത്തെയും (ടവറിന്റെ പോൾസ്ട്രക്ച്ചർ, അനുബന്ധ മുറികളുടെ വിസ്തീർണ്ണം ഉൾപ്പെടെ) നികുതി ചുമത്തേണ്ടതാണ്.

വസ്തുനികുതിയുമായി ബന്ധപ്പെട്ട അനുബന്ധ രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലുള്ള 4 മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | ടവറിന്റെ വിവരം | അസസ്സ്മെന്റ്നം | വിസ്തീർണ്ണം | നിശ്ചയിച്ച നികുതി |
|---|---|---|---|---|
| 1 | വോഡാഫോൺ | 3/177 | 9 ച.മീ. | 4500 |
| 2 | വോഡാഫോൺ | 5/64 | 39.69 | 19845 |
| 3 | ഐഡിയ | 10/286 A | 49 | 24500 |

| | | | | |
|---|---|---|---|---|
| 4 | ഭാരതി എയർടെൽ | 12/437B | 64 | 32000 |

ഫയലുകൾ പരിശോധിച്ചതിൽ നിന്നും കെട്ടിട നമ്പരോ സേവനദാതാവിന്റെ വിവരങ്ങളോ മനസിലാക്കാൻ സാധിക്കുന്നില്ല. എന്നാൽ ലഭിച്ച ഫയലുകളിലെ പ്ലാൻ പ്രകാരം യഥാർത്ഥവിസ്തീർണ്ണം യഥാക്രമം 16.19, 39.69, 49.75, 78.55 എന്നിങ്ങനെയാണ്. എല്ലാ മൊബൈൽ ടവറുകളുടെയും ശരിയായ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലല്ല നികുതി നിശ്ചയിച്ചിരിക്കുന്നത് എന്ന് മേൽ വിവരണങ്ങളിൽ നിന്ന് വ്യക്തമാണ്.

ആയതിനാൽ, മൊബൈൽ ടവറുകളുടെ ഉപയോഗത്തിനായി നീക്കിവെക്കപ്പെട്ടിട്ടുള്ള മുഴുവൻ ഭാഗത്തിന്റെയും വിസ്തീർണ്ണം (ടവറിന്റെ പോൾസ്ട്രക്ച്ചർ, അനുബന്ധ മുറികളുടെ വിസ്തീർണ്ണം) കണക്കാക്കി നികുതി ചുമത്തേണ്ടതാണ്.

കൂടാതെ എത്ര മൊബൈൽ ടവറുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമല്ല. ബി.എസ്.എൻ.എൽ എക്സ്ചേഞ്ചിനോട് ചേർന്നുള്ള മൊബൈൽ ടവർ സംബന്ധിച്ച ഫയലുകൾ പരിശോധനയിൽ ശ്രദ്ധയിൽ പെട്ടു. എന്നാൽ ബിഎസ്എൻഎൽ ടവറിന്റെ വസ്തു നികുതി അസെസ് ചെയ്തിട്ടില്ല.

ആയത് സംബന്ധിച്ച എൻക്വയറിക്ക് പഞ്ചായത്തിന്റെ പരിധിയിൽ 4 ടവറുകൾ മാത്രമാണ് പ്രവർത്തിക്കുന്നതെന്നും തെറ്റായി വിസ്തീർണം രേഖപ്പെടുത്തിയിട്ടുള്ള ടവറുകളുടെ നികുതി പുനർനിർണയം നടത്തുന്നതാണെന്നും ബി.എസ്.എൻ.എൽ എക്സ്ചേഞ്ചുമായി ബന്ധപ്പെട്ടുള്ള ടവർ 5/64 ആണെന്നും വ്യക്തമാക്കി. സഞ്ചയയിൽ പ്രസ്തുത ടവർ വോഡഫോൺ എസ്സാർ എന്ന പേരിലാണുള്ളത്. സഞ്ചയയിൽ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തുമ്പോളുണ്ടാകുന്ന പിഴവുകൾ ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ടവറുകളെല്ലാം സ്ഥല പരിശോധന നടത്തി അവയുടെ യഥാർത്ഥത്തിലുള്ള വിസ്തീർണം കണക്കാക്കി നികുതി ഈടാക്കേണ്ടതാണ്.

## 2-3 എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

താഴെ ചേർത്തിട്ടുള്ള സ്ഥാപനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുള്ളതാണ്. ഈ സ്ഥാപനങ്ങളിൽ ധാരാളം പേർ ജോലി ചെയ്യുന്നുണ്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്, മേൽവിലാസം | വാർഡ് കെട്ടിട നം | തരം, ലൈസൻസ് നം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| ഇക്ക്ബാൽ.കെ.എം. കുട്ടംകുളത്തിൽ മൈലൂർ.പി.ഒ | 388 VI | പ്ളാസിറ്റ് കട്ടിംങ് യൂണിറ്റ് 129/01.04.16 | 5 |
| സിറിൽ ജോൺ, എലഞ്ഞിക്കൽ, കോതമംഗലം | 178B I | ഫുഡ് പ്രോസസ്സിംങ് 46/27.05.16 | 10 |
| വിജയൻ.വി.കെ. വയൽപ്പറമ്പിൽ | 329E XII | ബേക്കറി ഐറ്റം നിർമ്മിക്കൽ | 6 |

| | | | |
|---|---|---|---|
| കോഴിപ്പിള്ളി | | 70/04.08.16 | |
| അബു,കെ.എം. കുടിലിങ്ങൾ ഐരൂർപാടം | 509 IX | പ്ലൈവുഡ് ഫാക്ടറി 127/01.04.16 | 12 |
| കെ.കെ.മുഹമ്മദ്, കൊട്ടണാമ്പിള്ളിൽ, മൈലൂർ | 379A VI | പ്ലാസ്റ്റിക്ക്സ് സ്ക്രാപ്പ് ചിപ്പ്സ് 127/01.04.16 | 6 |

മേൽ വിവരിച്ച സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് ആക്ട് 205 b പ്രകാരം ബഹു. സെക്രട്ടറി നോട്ടീസ് നല്കിയിട്ടുണ്ടോയെന്ന് ആവശ്യപ്പെട്ട് 18.09.2017 ൽ അന്വേഷണക്കുറിപ്പ് നല്കിയതിന് ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി എന്ന് മറുപടി ലഭ്യമാക്കി. അവശേഷിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

.

## 2-4 ഡി & ഒ ലൈസൻസ് എടുക്കുന്ന / തൊഴിൽനികുതി ഒടുക്കുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിൽ അന്തരം

ഗ്രാമ പഞ്ചായത്തിന്റെ വസ്തു നികുതി സോഫ്റ്റ് വെയറായ സഞ്ചയ പ്രകാരം ഗാർഹിക ഇതര ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ എണ്ണം 753 ആണ്. ആയതിന്റെ ഉപയോഗക്രമമനുസരിച്ചും വാർഡ് തിരിച്ചുമുള്ള വിവരം താഴെ ചേർക്കുന്നു.

| വാർഡ് നം പേര് | 100ച.മീ.ന് താഴെയുള്ള കെട്ടിടം | 100ച.മീ.ന് മുകളിലുള്ള കെട്ടിടം | ബങ്ക് | ഓഫീസ് ആവശ്യത്തിനുള്ളവ | വ്യവസായ ആവശ്യത്തിനുള്ളവ | ഇതരാവശ്യത്തിനുള്ളവ | ചെറുകിട വ്യവസായാവശ്യത്തിനുള്ളവ |
|---|---|---|---|---|---|---|---|
| 1കോഴിപ്പിള്ളി | 19 | - | 1 | 1 | 10 | 3 | 2 |
| 2കുടമുണ്ട | 39 | 1 | - | - | 4 | - | - |
| 3കോഴിപ്പിള്ളി ഈസ്റ്റ് | 45 | 2 | - | - | 8 | 2 | - |
| 4പിടവൂർ | 53 | 1 | - | - | 7 | 2 | - |
| 5വാരപ്പെട്ടി ഈസ്റ്റ് | 94 | 9 | 1 | 1 | 4 | - | 2 |
| 6മൈലൂർ | 54 | 3 | 1 | 1 | 15 | 2 | - |
| 7കക്കാട്ടൂർ | 34 | - | - | 2 | 8 | 4 | 1 |

| | | | | | | | |
|---|---|---|---|---|---|---|---|
| 8ഇളങ്ങവം | 35 | - | - | 1 | 5 | 1 | 2 |
| 9വാരപ്പെട്ടി സൗസ്റ്റ് | 56 | - | - | 3 | 6 | 1 | 4 |
| 10വാരപ്പെട്ടി നോർത്ത് | 24 | 2 | - | - | 11 | - | 3 |
| 11ഇഞ്ചൂർ ഈസ്റ്റ് | 68 | 1 | - | 1 | 4 | 2 | 4 |
| 12ഇഞ്ചൂർ | 27 | - | - | 1 | 9 | 4 | - |
| 13കോഴിപ്പിള്ളി | 36 | - | - | 1 | 3 | 2 | - |
| ആകെ | 584 | 19 | 3 | 12 | 94 | 23 | 18 |
| ഒട്ടാകെ | | | | | | | 753 |

2014-15 സാമ്പത്തിക വർഷത്തിൽ 111 സ്ഥാപനങ്ങളും 2015-16 വർഷത്തിൽ 113 സ്ഥാപനങ്ങളും 2016-17 സാമ്പത്തിക വർഷത്തിൽ 123 സ്ഥാപനങ്ങളും മാത്രമേ പഞ്ചായത്തിൽ നിന്നും ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളു. ഗ്രാമ പഞ്ചായത്തിന്റെ വസ്തു നികുതി സോഫ്റ്റ് വെയറായ സഞ്ചയ പ്രകാരം ഗാർഹിക ഇതര ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ എണ്ണം 753 ആയിരിക്കെ ഇതിന്റെ 16.33% വരുന്ന സ്ഥാപനങ്ങൾ മാത്രമേ പഞ്ചായത്തിൽ നിന്നും ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളു. തൊഴിൽ നികുതി ഒടുക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം ഇതിലും കുറവാണ്. തന്മൂലം പഞ്ചായത്തിന് തനത് വരുമാനത്തിൽ ഗണ്യമായ നഷ്ടം സംഭവിക്കുന്നുണ്ട്.

മേൽ പ്രകാരമുള്ള നികുതി ചോർച്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് 18.09.2017 ൽ നല്കിയതിന് ചില കെട്ടിടങ്ങൾ ഒഴിഞ്ഞു കിടക്കുകയാണെന്നും കുറേ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നുമാണ് മറുപടി നൽകിയത്. ആയതിനാൽ ഇതേവരെ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് അടിയന്തരമായി നോട്ടീസ് നല്കേണ്ടതും ഡി & ഒ ലൈസൻസ് എടുപ്പിക്കുന്നതിനും തൊഴിൽ നികുതി ഈടാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 2-5 ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകം

പല സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ അപാകം കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപന മേധാവിയുടെ പേര് | സ്ഥാപനത്തിന്റെ തരം | വാർഡ് നം, കെട്ടിട നം | ഈടാക്കിയ ലൈസൻസ് ഫീസ് | പൊല്യൂഷൻ സർട്ടിഫിക്കറ്റിലെ വിവരങ്ങൾ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| പി.എം.ബഷീർ, പാലക്കാടൻ, വാരപ്പെട്ടി | പ്ലൈവുഡ് ഫാക്ടറി | X/400 | 1000 | 1)പ്രതിദിനം 1000 m3 പ്ലൈവുഡ് നിർമ്മിക്കുന്നു 2)5000/- രൂപ പി.സി.ബി.ക്ക് ഫീസ് അടച്ചിട്ടുണ്ട് 3) 98 എച്ച്.പി മോട്ടർ ഉപയോഗിക്കുന്നു |
| പി.എം.ബഷീർ, പാലക്കാടൻ, വാരപ്പെട്ടി | സോമിൽ | X/423 | 1000 | 1)പ്രതിദിനം1000 m3 പ്ലൈവുഡ് നിർമ്മിക്കുന്നു 2)15000/- രൂപ പി.സി.ബി.ക്ക് ഫീസ് അടച്ചിട്ടുണ്ട് 3) 8500 മെട്രിക്ക് ടൺ കപ്പാസിറ്റി |
| പിസി.ജെയീംസ് പിട്ടാപ്പിള്ളി. ഏനാനനല്ലൂർ | മെറ്റൽ ക്രഷർ | VII/249 | 2000 | 1)മൂലധനം 68 ലക്ഷം 2)12000/- രൂപ പി.സി.ബി.ക്ക് ഫീസ് അടച്ചിട്ടുണ്ട്. 3) 250 ടൺ പ്രതിദിന ഉല്പാദനം |
| വിഎ.ജനാർ ദ്ധനൻ നായർ, വടക്കൻ പുത്തൻപുര, | മെറ്റൽ ക്രഷർ | XII/65 | 2000 | 1)മൂലധനനിക്ഷേപം 65 ലക്ഷം 2)38730/- രൂപ പി.സി.ബി.ക്ക് ഫീസ് അടച്ചിട്ടുണ്ട്. 3) 250 ടൺ പ്രതിദിന ഉല്പാദനം |
| പി.എസ്.നജീബ് പുന്നക്കോട്ടയിൽ, വാരപ്പെട്ടി | മെറ്റൽ ക്രഷർ | V/316 | 2000 | 1)മൂലധനനിക്ഷേപം 52 ലക്ഷം 2)32000/- രൂപ പി.സി.ബി.ക്ക് ഫീസ് അടച്ചിട്ടുണ്ട്. 3) 100 മെട്രിക്ക് ടൺ പ്രതിദിന ഉല്പാദനം |
| അബു.കെ.എം കുടിലിങ്ങൽ ഐരൂർപ്പാടം | പ്ലൈവുഡ് ഫാക്ടറി | IX/50A | 1000 | 1)മൂലധനനിക്ഷേപം 36 ലക്ഷം 2)6500/- രൂപ പി.സി.ബി.ക്ക് ഫീസ് അടച്ചിട്ടുണ്ട്. 3) 2000 m3 പ്രതിദിന |

| | | | | |
|---|---|---|---|---|
| | | | | ഉല്പാദനം |
| എം.എ.സക്കറിയ, മൂളാടൻ വീട് നൂലേലിക്കര | പ്ലൈവുഡ് ഫാക്ടറി | IV/180 | 1000 | 1)മൂലധനനിക്ഷേപം 13.83 ലക്ഷം<br>2)9360/- രൂപ പി.സി.ബി.ക്ക് ഫീസ് അടച്ചിട്ടുണ്ട്.<br>3) 2500 m3 പ്രതിദിന ഉല്പാദനം |

ഡി & ഒ ചട്ടങ്ങളിലെ പട്ടിക 2 ന്റെ അടിയിലെ നിർദ്ദേശങ്ങൾ പ്രകാരം യന്ത്രസാമഗ്രികളുടെ മൂലധനനിക്ഷേപത്തിന്റെ 5% വിറ്റുവരവായി കണക്കാക്കി ഫീസ് ഈടാക്കാം. സ്ഥാപനത്തിന് പി.സി.ബി. യുടെ അനുമതിസർട്ടിഫിക്കറ്റിലെ വിവരങ്ങൾ അടിസ്ഥാനമാക്കിയും പരമാവധി ഫീസ് ഈടാക്കാമെന്നിരിക്കെ വളരെ കുറഞ്ഞ ഫീസാണ് മേൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിട്ടിട്ടുള്ളത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് 18.09.2017 ൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയതിന് ഫീസിനത്തിൽ കുറവു വന്ന തുക ഈ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി.
പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ചട്ട പ്രകാരമുള്ള പരമാവധി ഫീസ് ഈടാക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

## 2-6 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ

വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്ത് സചിത്ര സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി സാംഖ്യ അക്കൗണ്ടിംഗ് സോഫ്റ്റ് വെയറുമായി ലിങ്ക് ചെയ്തിട്ടില്ല. പഞ്ചായത്തിന്റെ എല്ലാ ആസ്തികളും കാലികമായി അപ്ഡേറ്റ് ചെയ്ത് സാംഖ്യയിലെ ബി-11ഷെഡ്യൂൾ കൃത്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26/7/2011 ലെ ജി.ഓ (എം.എസ്) 152/2011പ്രകാരമുള്ള ആസ്തി/ബാധ്യത കളുടെ മൂല്യം തിട്ടപ്പെടുത്തുന്ന പ്രക്രിയ പൂർത്തീകരിച്ചിട്ടില്ല. 27.01.17ലെ 5(7), 6(13) തീരുമാനങ്ങൾ പ്രകാരം 1994 ലെ പഞ്ചായത്ത് രാജ് നിയമം നിലവിൽ വരുന്നതിന് മുമ്പ് ഉണ്ടായിരുന്ന യഥാക്രമം 55ഉം, 25ഉം റോഡുകൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

3. ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കുന്ന പ്രക്രിയ കൃത്യമല്ല. വർഷങ്ങളായി ഡിപ്രീസിയേഷൻ നൽകി ഒരു രൂപയായി മൂല്യം കുറഞ്ഞ ആസ്തികൾക്ക് വീണ്ടും ഡിപ്രീസിയേഷൻ കുറവ് ചെയ്യുന്നില്ല എന്ന് ഉറപ്പാക്കുന്നില്ല.

4. പഞ്ചായത്തിന്റെ സാംഖ്യ അക്കൗണ്ടിംഗ് സോഫ്റ്റ് വെയറിലെയും, സഞ്ചയ സോഫ്റ്റ് വെയറിലെയും വസ്തു നികുതിയുടെ ഡി.സി.ബി. പൊരുത്തപ്പെടുന്നില്ല. ഈ അപാകത പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സെന്റേജ് ചാർജ് അധികമായി നല്കി-നഷ്ടം 758/-രൂപ

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ് 0030/16-17, കേരള വാട്ടർ അതോരിറ്റി, വാരപ്പെട്ടി – മിനി സ്റ്റേഡിയം വാട്ടർ കണക്ഷൻ എസ് 0123/16-17, കേരള വാട്ടർ അതോരിറ്റി, അംഗനവാടി 94ന് വാട്ടർ കണക്ഷൻ |
| ബില്ല് നം, തീയതി, ഡിഡിനം, തീയതി | 24/2016-17, 25/16-17തീയതി 14.02.2017 |
| അടങ്കൽ, ചെലവ് | 10000/- മെയിന്റൻസ് ഗ്രാന്റ് (റോഡിതരം), 25000/- വികസന ഫണ്ട് |
| തുക നല്കിയത് | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി |

ചെലവ് വിവരം

| | |
|---|---|
| പ്രവൃത്തിയുടെ ചെലവ് (8447.73+12908.37+5730.00+1120.00) | 28206.10 |
| സെപ്പോസിറ്റ് ചാർജ് | 2130.00 |
| സെന്റേജ് ചാർജ് (12.5%) | 3792.00 |
| ആകെ | 35000.00 |

പി.ഡബ്ലിയു.ഡി. മാന്വൽ കേരള വാട്ടർ അതോറിറ്റിക്കും ബാധകമാണ്. എസ്റ്റിമേറ്റിന്റെ 10% സൂപ്പർ വിഷൻ ചാർജും , എസ്റ്റിമേറ്റ്, പ്ലാൻ എന്നിവയും ചേർത്ത് ആകെ 12.5% സെന്റേജ് ചാർജായി ഈടാക്കാമെങ്കിലും പി.ഡബ്ലിയു.ഡി. മാന്വൽ 1601.4 പ്രകാരം എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജായ 2.5% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുവാൻ പാടുള്ളതല്ല. ആയതിനാൽ 10% സെന്റേജ് ചാർജായി 3034/- രൂപ നല്കാവുന്നതാണ്. മേൽ പ്രോജക്ടിന് 12.5% സെന്റേജ് ചാർജിനത്തിൽ 3792/- രൂപ നല്കിയിട്ടുണ്ട്. തന്മൂലം പഞ്ചായത്തിന് 758 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് പ്രസ്തുത സ്ഥാപനത്തിൽ നിന്നും സെന്റേജ് ചാർജിനത്തിൽ അധികമായി നൽകിയ തുക തിരികെ ഈടാക്കുമെന്ന് മറുപടി നൽകി. പ്രസ്തുത തുക കേരള വാട്ടർ അതോരിറ്റിയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-2 വാട്ടർ അതോറിറ്റിക്ക് വൻ തുക കുടിശ്ശിക

2016-17 സാമ്പത്തിക വർഷം ഏപ്രിൽ മാസത്തിൽ പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പഞ്ചായത്തിൽ നിന്നും കേരള വാട്ടർ അതോറിറ്റിക്ക് 51,76,399 രൂപയുടെ കുടിശ്ശിക അടവാക്കുവാനുണ്ട്. ആയത് 2017 മാർച്ച് മാസമായപ്പോഴേക്കും 65,35,270 രൂപയുടെ കുടിശ്ശികയായി വർദ്ധിച്ചിട്ടുണ്ട്.

. 148 പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 64750/- രൂപ മാത്രമേ പഞ്ചായത്തിന് അടക്കേണ്ടതായി വരുന്നുള്ളൂ.ആ സ്ഥിതിക്ക് ഇത്രയും കുടിശ്ശിക വന്നത് ആശ്വാസ്യമല്ല. ഇത് സംബന്ധിച്ച് 19.09.2017 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് പഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി 284 പൊതുടാപ്പുകളിൽ നിന്നും 136 ഉപയോഗ ശൂന്യമായ ടാപ്പുകൾ ഒഴിവാക്കിയിട്ടുണ്ടെന്നും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ ഗുണഭോക്താക്കൾക്ക് ഗാർഹിക സബ്സിഡി നൽകി കൂടുതൽ ഗാർഹിക കുടിവെള്ള കണക്ഷൻ നൽകാൻ നടപടി സ്വീകരിക്കുന്നതാണെന്നും നിലവിലുള്ള കുടിശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ഇളവു ലഭ്യമാക്കികൊണ്ട് നടപ്പിലാക്കുമെന്നും മറുപടി ലഭ്യമാക്കി.

. കുടിശ്ശികയിനത്തിലുള്ള 65,35,270/- രൂപയിൽ അധികവും പലിശയിനത്തിൽ വന്നിട്ടുള്ളതാണ്. പ്രസ്തുത പലിശ ഒഴിവാക്കി വെള്ളക്കരം മാത്രം അടവാക്കുവാനുള്ള നടപടികൾ വാട്ടർ അതോറിറ്റിയുമായി പഞ്ചായത്ത് കമ്മറ്റി ചർച്ച നടത്തി തീരുമാനം കൈക്കൊള്ളേണ്ടതാണ്.

## 3-3 ഭൂരഹിതർക്ക് ഭൂമി വാങ്ങൽ- എസ്.സി.-മാർഗരേഖ പാലിച്ചില്ല

| | |
|---|---|
| പ്രൊജക്ട് നം./ പേര് | S0051/17 ഭൂരഹിതർക്ക് ഭൂമി വാങ്ങൽ- എസ്.സി. |
| പദ്ധതി അടങ്കൽ | 78132/-(വികസന ഫണ്ട് ജനറൽ), 671868/-(വികസന ഫണ്ട്- എസ്.സി.പി.) |
| ചെലവ് വിവരം | ബിൽ നം. 2/16-17-150000/- തീ. 17.2.17, 3/16-17-300000/- തീ. 25.2.17, 4/16-17-150000/- തീ.18.3.17, 7/16-17-71868/- തീ.23.3.17, 8/16-17-78132/- തീ. 23.3.17 |
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, കോഴിപ്പിള്ളി |

വി.ഇ.ഒ. നടപ്പിലാക്കിയ ടി പദ്ധതിക്കായി പഞ്ചായത്ത് കമ്മിറ്റിയുടെ 27.1.2017 ലെ 1(4) നമ്പർ തീരുമാന പ്രകാരം 5 ഗുണഭോക്താക്കളെ അംഗീകരിച്ച് തീരുമാനിച്ചു. ഓരോ ഗുണഭോക്താക്കൾക്കും 150000/- രൂപ പ്രകാരം 750000/- രൂപ ടി പദ്ധതിയിൽ ചെലവഴിച്ചിട്ടുണ്ട്. ആനുകൂല്യം ലഭിച്ച വ്യക്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. പാൾസൺ, വടക്കുംപാടത്ത്, വാരപ്പെട്ടി വാർഡ് 3
2. രാജീവ് പി.റ്റി., പീടിക പറമ്പിൽ, വാരപ്പെട്ടി വാർഡ് 5
3. വിഷ്ണു ഹരിഹരൻ, ചിറത്തണ്ടേൽ, വാരപ്പെട്ടി വാർഡ് 6
4. വിനീത് കുമാർ, മാങ്കുടിപറമ്പിൽ, വാരപ്പെട്ടി വാർഡ് 8
5. തങ്കപ്പൻ എം.പി., മോളേൽ, വാരപ്പെട്ടി വാർഡ് 7

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗരേഖയിൽ ജി.ഒ.(എം.എസ്) 4/2016 തസ്വഭവ തീ.11.1.2016 അനുസരിച്ച് വീടിന് സ്ഥലം (ഗുണഭോക്താക്കൾ സ്ഥലം കണ്ടെത്തി സ്വയം വാങ്ങൽ)-ഗ്രാമപ്രദേശം പദ്ധതിക്കുള്ള മാനദണ്ഡം പ്രകാരം വാങ്ങുന്ന സ്ഥലം അപേക്ഷിക്കുന്ന ഭാര്യയുടെയും ഭർത്താവിന്റെയും പേരിൽ രജിസ്റ്റർ ചെയ്ത് വാങ്ങണം എന്നു വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ആനുകൂല്യം കൈപറ്റിയ അഞ്ചു പേരും സ്വന്തം പേരിലാണ് ആധാരം രജിസ്റ്റർ ചെയ്തിട്ടുള്ളത്.

ഈ വിഷയത്തിൽ നൽകിയ എൻക്വയറിക്ക്(നം.8) മറുപടിയായി അഞ്ച് ഗുണഭോക്താക്കളുടെയും ഭാര്യയുടെയും ഭർത്താവിന്റെയും പേരിൽ, വാങ്ങിയ സ്ഥലത്തിന്റെ സംയുക്തഉടമസ്ഥത അവകാശം രേഖപ്പെടുത്തുന്ന എഗ്രിമെന്റ് സർക്കാരിലേക്ക് രജിസ്റ്റർ ചെയ്ത് കൂട്ടുടമസ്ഥത ഉറപ്പാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. മാർഗരേഖയിലെ മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നതിന് ഭരണസമിതിയും നിർവഹണ ഉദ്യോഗസ്ഥരും ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-4 മരുന്നുകൾ പൂർണമായി ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവഹണ ഉദ്യാഗസ്ഥയായി നടപ്പിലാക്കിയ വാരപ്പെട്ടി എൻ. എച്ച്. എം. ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയ്ക്ക് വേണ്ടി 50000/- രൂപ ബിൽ നം. 1/2016-17 പ്രകാരം 25/1/17 ന് ഹോംകോയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ 32170/- രൂപയുടെ മരുന്നാണ് ഇതു വരെ ലഭ്യമായിട്ടുള്ളത്. ലഭിക്കാനുള്ള 17830/- രൂപയുടെ മരുന്ന് ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 75000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 75000 |

| | | | |
|---|---|---|---|
| | 190000 | ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി | 190000 |
| ജില്ലാ പഞ്ചായത്ത് | 75000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 75000 |
| ബ്ലോക്ക് പഞ്ചായത്ത് | 500000 | 106-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണം | -- |

.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്, വിവരങ്ങൾ താഴെ കൊടുക്കുന്നു:-

| ക്രമ നം | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക |
|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | പ്രൊജക്റ്റ് നം.30/17 വാരപ്പെട്ടി മിനി സ്റ്റേഡിയം കുടിവെള്ള കണക്ഷൻ | 25000 |
| 2 | കേരള വാട്ടർ അതോറിറ്റി | പ്രൊജക്റ്റ് 123/17 അങ്കണവാടി നം. 94 ന് കുടിവെള്ള കണക്ഷൻ | 10000 |
| 3 | കെ.എസ്.ഇ.ബി. | പ്രൊജക്റ്റ് നം.60/17, മൈലൂർ സ്റ്റേഡിയം ടവർ ലൈൻ സ്ഥാപിക്കൽ | 31000 |
| 4 | കെ.എസ്.ഇ.ബി. | പ്രൊജക്റ്റ് നം.13017-മുടനാട്ടുകാവ് ചാരമ റോഡിലെ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 9000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ലഭിച്ച / തിരിച്ചടച്ച വായ്പയുടേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു

| വായ്പയുടെ പേര്/ | ഉത്തരവ് നമ്പർ/ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|

| ഉദ്ദേശ്യം | തീയതി | ബാക്കിയുണ്ടായിരുന്ന തുക | | | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന വായ്പ | 483/09 തീ.11.2.09 | 2537323 | 675000 | 137533 | 1862323 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ രജിസ്റ്റർ പ്രകാരം 2435 രൂപയുടെ വരവുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | റിമാർക്സ് |
|---|---|---|---|---|
| 2015-16 | 3(2) | 1905 | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 21600875/23.2.2017, ജേണൽ വൗച്ചർ നം. 41600171/31.3.2017 പ്രകാരം ക്രമീകരിച്ചു |
| | 2-1 | 80 | സി.പി. സക്കീർ | 21600636/14.2.2017 പ്രകാരം ഡെപ്പോസിറ്റ് തുക യിൽ നിന്നും ക്രമീകരിച്ചു |
| | 2-1 | 450 | ജോസഫ് പി.ടി. | 21600733/7.1.2017 പ്രകാരം ഡെപ്പോസിറ്റ് തുക യിൽ നിന്നും ക്രമീകരിച്ചു |
| | ആകെ | 2435 | | |

.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

.

# 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,69,27,672- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,45,70,939- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 758 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

.

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നം. | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 758 | ബി. സുധീർ, സെക്രട്ടറി, വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബി. സുധീർ, സെക്രട്ടറി | സെക്രട്ടറി, പായിപ്ര ഗ്രാമപഞ്ചായത്ത് | ജീവാലയം, തൃക്കളത്തൂർ, മൂവാറ്റുപുഴ |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഇ.(പി.7)1440/08 തീ. 8.4.2009 |
| 1999-00 | എൽ.എഫ്.ഇ.(പി.1)1318/01 തീ. 16.1.2002 |

| | |
|---|---|
| 2000-01 | എൽ.എഫ്.ഇ.(പി.1)909/02 തീ. 16.2.2002 |
| 2001-02 | എൽ.എഫ്.ഇ.(പി.1)862/03 തീ. 14.11.2003 |
| 2002-03 | എൽ.എഫ്.ഇ.(പി.1)284/05 തീ. 15.11.2005 |
| 2003-04 | എൽ.എഫ്.ഇ.(പി.7)1442/08 തീ. 8.4.2009 |
| 2004-05 | എൽ.എഫ്.ഇ.(പി.7) 1443/08 തീ. 8.4.2009 |
| 2005-06 | എൽ.എഫ്.ഇ.(പി.7) 1444/08 തീ. 8.4.2009 |
| 2006-07 | എൽ.എഫ്.ഇ.(പി.7) 1445/08 തീ. 8.4.2009 |
| 2007-08 | എൽ.എഫ്.ഇ.(പി.7)850/12 തീ. 12.7.2012 |
| 2008-09 | എൽ.എഫ്.ഇ.(പി.7)851/12 തീ. 12.7.2012 |
| 2009-10 | എൽ.എഫ്.ഇ.(പി.7)296/11 തീ. 12.7.2012 |
| 2010-11 | എൽ.എഫ്.ഇ.(പി.7)852/12 തീ. 12.7.2012 |
| 2011-12<br>2012-13 | എൽ.എഫ്.ഇ.(പി.7) 1351/14 തീ. 12.12.2014 |
| 2013-14<br>2014-15 | കെ.എസ്.എ. ഇ.കെ.എം.(പി. 7) 423/16 തീ. 21.5.2016 |
| 2015-16 | കെ.എസ്.എ. ഇ.കെ.എം.(പി. 7) 42/17തീ. 16.1.2017 |

അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ

.

# അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇ.കെ.എം(പി7)1855/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി : 28.11.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4 ,കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 2-6ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വാരപ്പെട്ടി ഗ്രാമ പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ

.

# APPENDIX – I

## AUDIT CERTIFICATE – 2016-17

No.KSA-EKM(P.7)1855/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 28.11.2017

Certified that I have audited the Annual Financial Statement of Varappetty Grama panchayat in Ernakulam district for the year ended on 31.3.2017 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statement of Varappetty Gramapanchayat for the year 2016-17, except the observations in my audit report para 2-6, properly presents the picture of income and expenditure.

.

Deputy Director